# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1676**

**04-12-2015 ൽ മറുപടിയ്ക്ക്**

## നെൽകൃഷി ലാഭകരമാക്കൽ

**ചോദ്യം**
ശ്രീ.കെ.വി.വിജയദാസ്

**മറുപടി**
ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി ലാഭകരമല്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കർഷകരെ പ്രസ്തുത മേഖലയിൽതന്നെ നിലനിർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദവിവരം നൽകമോ; | (എ) | നെൽകർഷകരെ നെൽകൃഷി മേഖലയിൽ നിലനിർത്തുന്നതിനും, സഹായിക്കുന്നതിനുമായി 2015 – 2016 വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• <u>സുസ്ഥിര നെൽകൃഷി വികസനം</u><br>നെൽകൃഷി – കൂടുതൽ ലാഭകരമാക്കുന്നതിനും ഉല്പാദന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2015- 2016 വർഷം 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലും 8100 ലക്ഷം രൂപ ആർ.കെ.വി.വൈ. ഫണ്ടിലും ഉൾപ്പെടുത്തി ആകെ 10,800 ലക്ഷം രൂപ സബ്സിഡി നൽകി 180000 ഹെക്ടറിൽ (ഒരു ഹെക്ടറിന് 6,000/- രൂപ സബ്സിഡി നിരക്കിൽ) പദ്ധതി നടപ്പിലാക്കി വരുന്നു.<br>• <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്</u><br>നെൽ കൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽ കൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br>• <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം</u><br>ആകെ 6 ജില്ലകളിലായി പൊക്കാളി, ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല, എന്നിവ കൃഷി |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനായി ഹെക്ടറിന് 10,000/- രൂപ സബ്സിഡി നല്കി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.<br>• <u>പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം.</u><br>ഗ്രൂപ്പ് ഫാമിംങ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200/-രൂപ നിരക്കിൽ നല്കി വരുന്നുണ്ട്. ഈ ഇനത്തിൽ 332 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>• <u>തരിശുനില നെൽ കൃഷി വികസനം (ആർ.കെ.വി.വൈ.)</u><br>തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 2000 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടറിന് 7500/- രൂപ സബ്സിഡി നിരക്കിൽ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>• <u>ആർ.കെ.വി.വൈ. പൊക്കാളി നെൽ കൃഷി വികസന പദ്ധതി.</u><br>89.248 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br>• നെൽ കർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സാഹചര്യത്തിൽ കർഷകർക്ക് നൽകിവരുന്ന ഉല്പാദനബോണസ് ഇരട്ടിയായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | ഉല്പാദനബോണസ് 350/- രൂപയിൽ നിന്ന് ഹെക്ടറിന് 1000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ